# റിപ്പോർട്ട്

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ കെട്ടിടനിർമ്മാണാനുമതി, കെട്ടിടനിർമ്മാണ ക്രമവത്കരണാനുമതി ഒക്കുപെൻസി/കെട്ടിട നമ്പർ എന്നിവക്കായി ലഭിച്ചിട്ടുള്ള അപേക്ഷകളിന്മേൽ സമയ ബന്ധിത നടപടി സ്വീകരിച്ച് ആയത് പൂർണ്ണമായും 31.07.2019-നകം തീർപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും ടി ആവശ്യത്തിലേയ്ക്ക് ജില്ലാതല അദാലത്തുകൾ സംഘടിപ്പിക്കുന്നതിനുംവേണ്ടി വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ നിർദ്ദേശാനുസരണം പഞ്ചായത്ത് ഡയറക്ടറുടെ 24.06.2019, 03.07.2019 എന്നീ തീയതികളിലെ സി6/12891/2018 നമ്പർ സർക്കുലറുകൾ പ്രകാരം പുറപ്പെടുവിച്ചിരുന്നു. മേൽ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള നടപടികളുടെ ഭാഗമായി സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലായി 24.06.2019 വരെ ലഭിച്ചതും തീർപ്പാക്കാനുണ്ടായിരുന്നതുമായ കെട്ടിട നിർമ്മാണാനുമതി അപേക്ഷകളുടെ എണ്ണം 28324 ഉം കെട്ടിടക്രമവത്കരണാനുമതി അപേക്ഷകളുടെ എണ്ണം 11582 ഉം ഒക്കുപൻസി/ കെട്ടിട നമ്പർ ലഭിക്കുന്നതിനുള്ള അപേക്ഷകളുടെ എണ്ണം 19892 ഉം ഉൾപ്പെടെ 59798 എണ്ണം ആയിരുന്നു. ആയതിൽ പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിന്നും നടത്തിയ നിരന്തര മോണിറ്ററിംഗിന്റെയും നടപടികളുടെയും ഭാഗമായി കെട്ടിട നിർമ്മാണാനുമതി അപേക്ഷകളിൽ 14766 എണ്ണവും കെട്ടിട നിർമ്മാണ ക്രമവത്കരണ അപേക്ഷകളിൽ 6202 എണ്ണവും ഒക്കുപെൻസി/കെട്ടിട നമ്പർ ലഭിക്കുന്നതിനുള്ള അപേക്ഷകളിൽ 13153 എണ്ണവും ഉൾപ്പെടെ 34121 എണ്ണം അപേക്ഷകൾ 10.07.2019-നകം ഗ്രാമപഞ്ചായത്ത് തലത്തിൽ തീർപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. 17 ദിവസങ്ങൾക്കകം കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട 59798 അപേക്ഷകളിൽ 34121 അപേക്ഷകൾ ഗ്രാമപഞ്ചായത്ത് തലത്തിൽ തീർപ്പ് കല്പിക്കാൻ കഴിഞ്ഞത്( 57.06 ശതമാനം) വകുപ്പിന്റെ ചരിത്ര നേട്ടമാണ്.10.07.2019 -ൽ തീർപ്പാക്കാനവശേഷിച്ച 13558 കെട്ടിട നിർമ്മാണാനുമതി 5380 കെട്ടിട ക്രമവത്കരണാനുമതി 6739 ഒക്കുപെൻസി/കെട്ടിട നമ്പർ (ആകെ 25677 എണ്ണം) അപേക്ഷകളാണ് 18.07.2019 മുതൽ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരുടെ നേതൃത്വത്തിൽ നടക്കുന്ന അദാലത്തുകളിൽ പരിഗണിക്കുന്നത്. 31.07.2019-നകം മേൽ എല്ലാ അപേക്ഷകളിലും നടപടി എടുത്ത് സമയബന്ധിതമായി തീർപ്പ് കല്പിക്കുന്നതിനാണ് വകുപ്പ് ലക്ഷ്യമിടുന്നത്.

(ഒപ്പ്)

**ഡോ.ബി.എസ്.തിരുമേനി ഐ.എ.എസ്.**

**പഞ്ചായത്ത് ഡയറക്ടർ**